**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 5287** **01.07.2014-ൽ മറുപടിയ്ക്ക്**

# പെരിങ്ങൽക്കുത്തിലെ ഹൈഡൽ ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്തിലെ കെ. എസ്. ഇ. ബി. യുടെ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്വാർട്ടേഴ്സുകൾ നവീകരിച്ച്, ഹൈഡൽ ടൂറിസത്തിൻെറ ഭാഗമായി ടൂറിസ്റ്റുകൾക്ക് താമസസൗകര്യത്തിനായി ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | (എ) വനംവകുപ്പിൽ നിന്നും വൈദ്യുതി ഉല്പാദനത്തിന് വേണ്ടി പാട്ടവ്യവസ്ഥയിൽ ലഭ്യമാക്കിയ സ്ഥലത്തുള്ള ക്വാർട്ടേഴ്സുകൾ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നത് സംബന്ധിച്ച് വനം, ടൂറിസം വകുപ്പുകളുമായി ആലോചിച്ച് നിയമപരമായ കാര്യങ്ങൾക്ക് വിധേയമായി നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) ഹൈഡൽ ടൂറിസത്തിൻെറ ഭാഗമായി പെരിങ്ങൽകുത്തിൽ നടപ്പിലാക്കിയിരുന്ന ബോട്ടിംഗ് നിർത്തിവച്ചിരിക്കുന്നത് പുന:രാരംഭിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ബി) സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബോട്ടിംഗ് ഡാമിന്റെ മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സ്ഥലം വനംവകുപ്പിന്റെ പരിധിയിൽ ആയതിനാൽ വനംവകുപ്പിന്റെ അനുമതിയോടെ മാത്രമേ അവിടെ ബോട്ടിംഗ് നടത്തുവാൻ സാധിക്കുകയുള്ളൂ. വനം വകുപ്പ് അധികാരികൾ ഇതു സംബന്ധിച്ച് ഹൈഡൽ ടൂറിസം അധികാരികളുമായി ചർച്ച നടത്തുകയുണ്ടായി. അനുകൂല തീരുമാനമുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ബോട്ടിംഗ് പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ.**